# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3785 | 17.12.2015 ന് മറുപടിയ്ക്ക്.

## സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ "Rules for the Allotment and Occupation of Quarters under the Control of Forest Department" എന്ന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (ബി) തിരുവനന്തപുരത്ത് പി.ടി.പി. നഗറിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാട്ടേഴ്സുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്ക് എത്ര വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരത്ത് പി.ടി.പി.നഗറിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ 65 എണ്ണമാണുള്ളത്. ചുവടെ ചേർക്കുന്ന വിഭാഗം ജീവനക്കാർക്കാണ് അവ അനുവദിച്ചിരിക്കുന്നത്. |

| | | |
|---|---|---|
| Type-VI | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 03 |
| | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 03 |
| | വേക്കന്റ് | 01 |
| Type-IV | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01 |
| | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | 03 |
| | സീനിയർ സൂപ്രണ്ട് | 01 |
| | ഹെഡ് അക്കൗണ്ടന്റ് | 02 |
| | സീനിയർ ക്ലാർക്ക് | 03 |
| | വേക്കന്റ് | 01 |
| Type-III | വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 01 |
| | സീനിയർ സൂപ്രണ്ട് | 03 |
| | ജൂനിയർ സൂപ്രണ്ട് | 02 |
| | ഫെയർ കോപ്പി സൂപ്രണ്ട് | 01 |
| | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 02 |

| | | |
|---|---|---|
| | ഹെഡ് അക്കൗണ്ടന്റ് | 01 |
| | വേക്കന്റ് | 01 |
| Type-II | യു.ഡി.ടൈപ്പിസ്റ്റ് | 02 |
| | ക്ലാർക്ക് | 05 |
| | സീനിയർ ക്ലാർക്ക് | 11 |
| | ഹെഡ് അക്കൗണ്ടന്റ് | 04 |
| | ഡ്രൈവർ | 02 |
| | ലീഗൽ അസിസ്റ്റന്റ് | 01 |
| | ഫോറസ്റ്റ് ഗാർഡ് | 02 |
| | ജൂനിയർ സൂപ്രണ്ട് | 01 |
| Type-I | ഓഫീസ് അറ്റൻഡന്റ് | 05 |
| | അറ്റന്റർ | 02 |
| | ഗാർഡനർ | 01 |
| | **ആകെ** | **65** |

(സി) പ്രസ്തുത ക്വാട്ടേഴ്സിൽ ഏതെങ്കിലും ക്വാട്ടേഴ്സ് ഇതര സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വനം ആസ്ഥാനത്ത് സേവനം അനുഷ്ഠിച്ച ഒരു ലീഗൽ അസിസ്റ്റന്റിന് Type-II ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ട്. ടിയാൻ മാതൃലാവണത്തിലേക്ക് (Law Secretariat) 16.10.2015 ൽ മടങ്ങിപ്പോയിട്ടുള്ളതാണ്. അനുവദിച്ച ക്വാർട്ടേഴ്സ് ഒഴിഞ്ഞിട്ടില്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് 2015 ആഗസ്റ്റ് വരെ ക്വാട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചാണോ; വിശദമാക്കുമോ; സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചാണെങ്കിൽ ആയതു പ്രകാരം ആർക്കെല്ലാം ഏതെല്ലാം ക്വാട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് സംവരണ മാനദണ്ഡങ്ങൾ നിലവിലില്ല. സംവരണ വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. ഓരോ കേസിന്റേയും മെരിറ്റിന്റെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സ് അനുവദിച്ച് നൽകാറുണ്ട്.

(ഇ) അനുവദിച്ച ക്വാട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കാതെ പൂട്ടിയിട്ടിട്ടുള്ളത് എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരെണ്ണം

(എഫ്) നിയമം അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള ജീവനക്കാർക്ക് ക്വാട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.

അനുബന്ധം മേശപ്പുറത്തിൽ വയ്ക്കുന്നു